MALAYALEE CATHOLIC COMMUNITY
Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 069911966771 #

MCC Bulletin Vol. 14. 1 www.iccvienna.org February-March 2019

# Message of the Chaplain

ഏകദേശം 37 വർഷമായി ഇവിടെ നമ്മൾ ഇൻഡ്യൻ കാത്തലിക് കമ്മ്യൂണിറ്റി / മലയാളി കത്തോലിക്കാ സമൂഹം എന്നപേരിൽ വിയന്ന അതിരൂപതയിലെ ഒരു മാതൃഭാഷാ സമൂഹമായി പ്രവാസജീവിതം നയിക്കുന്നു. വിവിധ റീത്തുകളിലും, തനതായ സഭാവിഭാഗങ്ങളിലുംപെട്ട പ്രവാസികളായ മലയാളികൾ ഐക്യത്തിന്റേയും, വൈവിധ്യത്തിന്റേയും പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ട് ഒരുമയുടെ കൂട്ടായ്മയിൽ വിയന്ന അതിരൂപതയുടെ സംരക്ഷണത്തണലിൽ സംതൃപ്തരായി കഴിയുന്നു. കേരളത്തിലെ ഏതൊരു ഇടവകയിലും ലഭ്യമാകുന്നതുപോലെയുള്ള ആത്മീയ-അജപാലന ശുശ്രൂഷകൾ ഇവിടേയും നടത്തുവാൻ നമുക്ക് സാധിക്കുന്നു. മാത്രമല്ല, ഒരു കത്തോലിക്കാവിശ്വാസിയുടെ ജീവിതത്തിന്റെ ആരംഭംമുതൽ അവസാനംവരെ സഭയിൽനിന്നും ലഭിക്കേണ്ട ശുശ്രൂഷകളും, മാർഗ്ഗനിർദ്ദേശങ്ങളും, ആത്മീയ പരിപോഷണവും ഏതൊരു യൂറോപ്യൻ മലയാളി സമൂഹത്തിലും എന്നതിനേക്കാൾ വ്യവസ്ഥാപിതമായ രീതിയിൽ ഇവിടെ ലഭ്യമാകുന്നു. മാത്രമല്ല, ഇവിടത്തെ മലയാളി കത്തോലിക്കരുടെ ഇടവകതലത്തിലുള്ള ആത്മീയ-അജപാലന ശുശ്രൂഷകൾക്കുവേണ്ടിവരുന്ന ചെലവിന്റെ 80 ശതമാനവും വിയന്ന അതിരൂപത വഹിക്കുന്നു എന്നുള്ളതാണ് പ്രവാസികളായ നമുക്ക് ഒട്ടേറെ ആശ്വാസം നൽകുന്നത്.

വിയന്നായിൽ ഇപ്പോൾ ജീവിക്കുന്ന മലയാളി കത്തോലിക്കരിൽ 97 ശതമാനവും Austrian പൗരത്വമുള്ളവരാണ്. അവരിൽ 70 ശതമാനവും ഇവിടെ ജനിച്ച് വളർന്ന്, ഇവിടത്തെ ജർമ്മൻ ഭാഷാസംസ്ക്കാരത്തിൽ അനുരൂപപ്പെട്ട് ജീവിക്കുന്നവരാണ്. 30 ശതമാനം കേരളത്തിലെ മലയാള മാതൃഭാഷാ സംസ്ക്കാരത്തിൽ ജനിച്ചുവളർന്ന് ഇവിടെയെത്തി പ്രവാസികളായി ജീവിക്കുന്നവരാണ്. ഇത് സൂചിപ്പിക്കുന്നത് മലയാളി കത്തോലിക്കാ സമൂഹത്തിന്റെ തനിമയും പ്രത്യേകതകളും നിലനിർത്തുവാൻ ആഗ്രഹിക്കുമ്പോഴും, ഭൂരിഭാഗം വരുന്ന നമ്മുടെ യുവതലമുറയുടെ ദേശീയബോധത്തേയും, ഓസ്ട്രിയൻ ഭാഷാസംസ്ക്കാരത്തേയും, അവർ ഉൾക്കൊള്ളുന്ന യൂറോപ്യൻ മൂല്യങ്ങളുടെ നന്മകളേയും അവഗണിക്കാൻ പാടില്ല എന്നുള്ളതാണ്. 30 ശതമാനത്തിന്റെ തനതായ സംസ്ക്കാരസമ്പത്ത് 70 ശതമാനം വരുന്ന യൂറോപ്യൻ മലയാളി യുവതലമുറയിലേക്ക് പക്വതയോടും, വിവേകത്തോടും, ആർദ്രതയോടുംകൂടി മാത്രമെ ഫലപ്രദമായി പകർന്നു നൽകാൻ സാധിക്കുകയുള്ളു. അക്കാര്യത്തിൽ ഓസ്ട്രിയൻ ഭാഷാസംസ്കൃതി നിർണ്ണായകമായ പങ്കുവഹിക്കുകയും ചെയ്യും.

ആയതിനാൽ Austria രാഷ്ട്രത്തിന്റേയും, വിയന്ന അതിരൂപതയുടേയും Identity and Integration എന്ന കാഴ്ചപ്പാടും, ആഹ്വാനവുമനുസരിച്ച് സാദ്ധ്യമായ രീതിയിൽ നമ്മുടെ വിശ്വാസ പൈതൃക സംസ്ക്കാരത്തെ (Syro Malabar) പരിപോഷിപ്പിച്ചുകൊണ്ട് വിയന്ന അതിരുപതയിലെ കൃപാശക്തിയുള്ള ഒരിടവകസമൂഹത്തെ രൂപപ്പെടുത്തിയെടുക്കുകയാണ് കാലോചിതവും, വിവേകപരവും. ശ്രമകരമായ ഈ ദൗത്യം നിർവ്വഹിക്കുവാൻ അവയ്ക്ക് നേതൃത്വം നൽകുന്ന വൈദികരോടൊപ്പം മാതാപിതാക്കളും യുവതീയുവാക്കളും സന്മനസ്സും ഇഛാശക്തിയുമുള്ള വിശ്വാസികളും പ്രവർത്തിക്കുമെങ്കിൽ ഇവിടെ അനുഗ്രഹസമൃദ്ധിയും ഇടവകകൂട്ടായ്മയുടെ അത്ഭുതവും അനുഭവിക്കാൻ നമുക്ക് അവസരമുണ്ടാകും.

മാർച്ച് മൂന്നാം തിയതി വിയന്ന അതിരൂപതയിലെ അധികാരികൾ ഇവിടെ സീറോമലബാർ സഭയുടെ ഒരു ഇടവക യൂണിറ്റ് സ്ഥാപിക്കുവാൻ പോവുകയാണല്ലോ. അതിനായി മരിയ ലൂർദ്ദ് ആസ്ഥാനമായി ഒരു ഇടവക കേന്ദ്രവും, Saikogasse 8ലെ ഒരു Substationഉം നിർദ്ദേശിച്ചുതരികയും ഇതിനെല്ലാം വേണ്ടിവരുന്ന ചെലവിന്റെ വലിയൊരുഭാഗം വിയന്ന അതിരൂപതതന്നെ വഹിക്കുകയും ചെയ്യുന്ന സാമ്പത്തീക സംരക്ഷണ സഹായം നമുക്ക് ഏറെ ആശ്വാസകരമാണ്.

സീറോ മലബാർ സഭയുടെ ഇടവകയൂണിറ്റ് വിയന്നായിൽ സ്ഥാപിക്കപ്പെടുമ്പോൾ അതിന്റെ നന്മകൾ ഏറ്റവുമധികം ലഭ്യമാകേണ്ടത് യൂറോപ്പിൽ ജനിച്ചുവളരുന്ന **മലയാളി യുവതലമുറയ്ക്കാകണം**. **അവർ ഇവിടെ പ്രവാസികളല്ല. ഈ നാടിന്റെ മക്കളാണ്. യൂറോപ്യൻ സംസ്ക്കാരത്തിന്റെ ഗന്ധമുള്ളവരാണ്.** അവരാണ് തങ്ങളുടെ മാതാപിതാക്കളുടേയും, പൂർവ്വികരുടേയും പൈതൃക വിശ്വാസത്തിന്റേയും അവയുടെ സാംസ്ക്കാരിക തനിമയുടേയും സന്ദേശവും പ്രചോദനവും ഉൾക്കൊണ്ടുകൊണ്ട് മാതൃസഭയുടെ കൃപയും അനുഗ്രഹങ്ങളും അനുഭവിക്കുവാനും ഭാവിതലമുറയ്ക്ക് പകർന്നു കൊടുക്കുവാനും ഇവിടത്തെ മെഗാ സെക്കുലർ പ്രവണതകളുടെ വെല്ലുവിളികളെ അതിജീവിച്ച് കത്തോലിക്കാ വിശ്വാസത്തിന്റെ പ്രേഷിത സാക്ഷികളാകാൻ മുൻനിരയിൽ നിൽക്കേണ്ടവർ. അവരുടെ വിശ്വാസ പരിശീലനവും, ആത്മീയവും, ധാർമ്മികവും, സഭാത്മകവുമായ പരിപോഷണവുമാണ് നമ്മുടെ ഏറ്റവും നിർണ്ണായകമായ പ്രേഷിതദൗത്യവും, വെല്ലുവിളിയും. ഇതിനാണ് മനോധൈര്യവും, ഇഛാശക്തിയുമുള്ള വൈദികനേതൃത്വത്തിന്റേയും, അവരോടൊപ്പം നില്ക്കുന്ന സമർപ്പിതരായ മതാദ്ധ്യാപകരുടേയും, ഉൾക്കാഴ്ചയോടെയും, സന്മനസ്സോടെയും നിർലോഭമായി സഹകരിക്കുന്ന ഇവിടത്തെ പ്രബുദ്ധരായ മാതാപിതാക്കളുടേയും സമർപ്പണവും സഹകരണവും അത്യാവശ്യമായിട്ടുള്ളത്.

ആയതിനാൽ, സീറോ മലബാർ സഭയുടെ ഒരു ഇടവകയൂണിറ്റ് വിയന്നായിൽ സ്ഥാപിക്കപ്പെടുന്നതോടെ ആ സഭയുടെ വിശ്വാസ പൈതൃകവും, പാരമ്പര്യവും, കാഴ്ചപ്പാടുകളും, പഠനങ്ങളും, നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് ഇവിടെ ഒരു ഓസ്ട്രിയൻ സീറോ മലബാർ ഇടവകസമൂഹത്തെ രുപപ്പെടുത്തിയെടുക്കാൻ നമുക്ക് സാദ്ധ്യമായതെല്ലാം ചെയ്യാം. മുകളിൽ സൂചിപ്പിച്ചതുപോലെ, നമ്മുടെ ശ്രദ്ധയും, സമർപ്പണവും ഏറ്റവും ആവശ്യമായ മേഘല നമ്മുടെ കുട്ടികളുടേയും, യുവതീ യുവാക്കളുടേയും Catechetical Formation ആണ്. ഒരു ഭാഷാ സമൂഹത്തിന്റെ

പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഒരു മിനിമം പാഠ്യപദ്ധതിയാണല്ലോ ഇത്രയുംനാൾ നാമിവിടെ നടപ്പാക്കിയിരുന്നത് (Catechism class for 35 minutes only). അത് ICC/MCC യുടെ സ്വന്തം പരിശീലന പദ്ധതിയായിരുന്നു. എന്നാൽ ഇനി മുതൽ സീറോ മലബാർ സഭയുടെ വിശ്വാസ വീക്ഷണവും, മാർഗ്ഗനിർദ്ദേശങ്ങളും, നടപടിക്രമവുമനുസരിച്ച് നമ്മുടെ ഓസ്ട്രിയൻ തലമുറക്കുവേണ്ടി വ്യക്തമായ ഒരു കാറ്റകെറ്റിക്കൽ പരിശീലന പദ്ധതി നടപ്പിലാക്കാൻ നമുക്ക് ശ്രമിക്കാം. അത് എങ്ങനെ പ്രായോഗീകമായി നടപ്പിലാക്കാം എന്നതിനെപ്പറ്റിയുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നമ്മുടെ Website: iccvienna.org യിൽ കൊടുത്തിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കുക.

ഇതേപ്പറ്റിയുള്ള മാതാപിതാക്കളുടെ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ഇംഗ്ളീഷിൽ എഴുതി അടുത്ത ജൂലൈ മാസത്തിനുമുമ്പായി നമ്മുടെ Catechism Teachersനെ ഏല്പിക്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. സീറോ മലബാർ ഇടവകാംഗങ്ങളായ എല്ലാവരുടേയും കൂട്ടായ പ്രാർത്ഥനകളുടേയും, വിചിന്തനങ്ങളുടേയും, നിർദ്ദേശങ്ങളുടേയും സന്ദേശം ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ സഭാമേലധികാരികളുടെ അറിവോടും, അംഗീകാരത്തോടും, നിർദ്ദേശങ്ങളോടുംകൂടെ സമഗ്രമായ ഒരു Catechetical Project വിയന്നായിലെ Syro Malabar ഇടവകയിൽ നടപ്പിലാക്കാൻ നമുക്ക് ശ്രമിക്കാം.

ഏവരുടേയും ശ്രദ്ധയും, സഹകരണവും ആവശ്യമുള്ള പ്രത്യേകമായ ഒരു കാര്യംകൂടി ഇവിടെ സൂചിപ്പിക്കട്ടെ. സീറോ മലബാർ സഭയുടെ വിശ്വാസ പാരമ്പര്യമനുസരിച്ച്, ഞായറാഴ്ചകളിലെ ഉച്ചഭക്ഷണത്തിന് മുമ്പുള്ള സമയത്ത്- Prime Time- ഇടവകാംഗങ്ങൾ കുടുംബസമേതം തങ്ങളുടെ സ്വന്തം ദേവാലയ കേന്ദ്രത്തിൽ എത്തിച്ചേർന്ന് രൂപതാദ്ധ്യക്ഷന്റെ പ്രതിനിധിയും തങ്ങളുടെ ആത്മീയ ഇടയനുമായ വികാരിയച്ചന്റേയോ അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ മറ്റ് വൈദികന്റേയോ നേതൃത്വത്തിൽ അർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബ്ബാനയാണ് ഇടവക കൂട്ടായ്മയുടേയും, ആത്മീയ ജീവിതത്തിന്റേയും, ആരാധനാ മൂല്യങ്ങളുടെ അനുഭവത്തിന്റേയും, വിശ്വാസ പരിശീലനത്തിന്റേയും മർമ്മ പ്രധാനമായ അഭിഷേക മുഹൂർത്തവും ഊർജ്ജ കേന്ദ്രവുമാകുന്നത്. നമ്മുടെ നാഥനും രക്ഷകനുമായ യേശുവിന്റെ തിരുശരീരരക്തങ്ങൾ നമ്മുടെ ആത്മാവിന്റേയും അസ്ഥിത്ത്വത്തിന്റേയും ജീവദായകമായ പോഷകാഹാരമായി അനുഭവിക്കാനുള്ള അവസരവും, ഭാഗ്യവും കർത്താവിന്റെ ദിവസമായ ഞായറാഴ്ചകളിൽ നഷ്ടമാക്കരുത്. ആയതിനാൽ, ഇടവക സമൂഹത്തിന്റെ ഞായറാഴ്ചകളിലെ Prime Time Worship എന്ന മുൻഗണനയോടെ ആഘോഷിക്കപ്പെടുന്ന വിശുദ്ധ കുർബ്ബാനയോട് കേന്ദ്രീകരിച്ചുകൊണ്ടാണ് സീറോ മലബാർ സഭയുടെ കാറ്റകെറ്റിക്കൽ പരിശീലന പദ്ധതി നടപ്പിലാക്കപ്പെടുന്നത്. അതുകൊണ്ടാണ് Sunday Catechism എന്ന പരമ്പരാഗതമായ വിവക്ഷ തന്നെ ഉള്ളത്.

ഇടവക കേന്ദ്രത്തിലെ ഞായറാഴ്ചകളിലെ ഉച്ചയ്ക്കുമുമ്പുള്ള വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുവാൻ പ്രായോഗീകമായി സാധിക്കാത്തവർക്കാണ് അന്ന് ഉച്ചകഴിഞ്ഞോ, വൈകീട്ടോ ഇടവക കേന്ദ്രത്തിലോ, ഉപകേന്ദ്രങ്ങളിലോ വിശുദ്ധ കർബ്ബാന സഭ അനുവദിച്ചിരിക്കുന്നത്. എന്നാൽ സഭയുടെ ആരാധനാ ക്രമമനുസരിച്ച് ഞായറാഴ്ച വൈകീട്ട് നാലുമണിക്കുശേഷം തിങ്കളാഴ്ചത്തെ ലിറ്റർജിക്കൽ ദിവസം ആരംഭിക്കുകയാണല്ലോ. കർത്താവിന്റെ ദിവസമായ ഞായറാഴ്ച അപ്പോൾ അവസാനിക്കുകയും ചെയ്യുന്നു. ആയതിനാൽ, സീറോ മലബാർ സഭയുടെ പാരമ്പര്യമനുസരിച്ച് സായാഹ്ന ബലിയോട് ചേർന്ന് കാറ്റകീസം (Monday Catechism) നടത്താറില്ല, പ്രത്യേകിച്ച് ഇടവക കേന്ദ്രത്തിൽ ഉച്ചയ്ക്കുമുമ്പ് അതിനുള്ള സൗകര്യമുള്ളപ്പോൾ.

വിയന്നായിലെ സീറോ മലബാർ സഭാംഗങ്ങൾക്കുവേണ്ടി ഇടവക കേന്ദ്രമായ മരിയ ലൂർദ്ദ് പള്ളിയിൽ ഉച്ചയ്ക്ക് 11.30ന് വിശുദ്ധ കുർബ്ബാനയും അതിന് മുമ്പും പിമ്പും ഒന്നാം ക്ലാസ്സുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ കാറ്റകീസം ക്ലാസ്സുകളും നടത്തപ്പെടുന്നു. മാതാപിതാക്കളോടൊപ്പം ഞായറാഴ്ചകളിലെ സായാഹ്ന കുർബ്ബാനയ്ക്കായി Saikogasse 8ലെ Substation പള്ളിയിൽ എത്തുന്ന കുട്ടികൾക്കായി ഒന്നാം ക്ലാസ്സുമുതൽ ഏഴാം ക്ലാസ്സുവരെയുള്ള പ്രൈമറി കാറ്റകെറ്റിക്കൽ പരിശീലന പദ്ധതിയും നമ്മൾ നടപ്പിലാക്കുന്നുണ്ട്. നമ്മുടെ യുവതീ യുവാക്കളുടെ വിശ്വാസ പരിശീലനത്തിന് മുൻഗണന കൊടുത്തുകൊണ്ട് അവരുടെ സാഹോദര്യബന്ധവും, കൂട്ടായ്മയും, സൗഹൃദബന്ധങ്ങളും ശക്തിപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടാണ് എട്ടാം ക്ലാസ്സുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ പഠിക്കുന്ന യുവതീയുവാക്കൾക്ക് മരിയ ലൂർദ്ദ് ഇടവക കേന്ദ്രത്തിൽ ഒന്നിച്ചുള്ള കൂട്ടായ ഒരു കാറ്റകെറ്റിക്കൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നത്. നമ്മുടെ യുവതീയുവാക്കൾ ഒരാൾപോലും യൂറോപ്യൻ സെക്കുലർ പ്രവണതകൾക്ക് കീഴ്പ്പെട്ട് പോകാതിരിക്കാനും, സമ്പന്നമായ നമ്മുടെ കുടുബസംസ്ക്കാരത്തിൽനിന്നും അകന്ന് പോകാതിരിക്കാനും നമ്മുടെ പൗരസ്ത്യ സഭയുടെ വിശ്വാസ ചൈതന്യവും ധാർമ്മിക മൂല്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് അനുഗ്രഹീതരായ ഭാവിതലമുറയാകുവാനും നമ്മൾ അതിയായി ആഗ്രഹിക്കുന്നു. ഈ മഹാദൗത്യം പൂർത്തീകരിക്കുവാൻ നിങ്ങൾ ഏവരുടേയും പ്രാർത്ഥനകളും, സഹായ സഹകരണങ്ങളും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**P. Thomas Thandappilly CST: MCC Chaplain** **Vienna. 24th Feb. 2019**

## Please Remember

1. Inauguration of the Syro Malabar Parish in Vienna on 3rd March, at 11.30am in Maria Lourdes.
2. Annual Retreat on 10th to 13th April 2019 in Vincentian Retreat Centre, Pfarre Am Schöpfwerk.
3. Community Day and Parish Feast on Sunday 23rd June, 2019 at 15. 00 hrs in Maria Lourdes.
4. Syro Malabar Parish First Communion on 2nd June 2019 at 11.30 am in Maria Lourdes.
5. Syro Malabar/MCC Firmung on Sunday, 9th June 2019 at 11.30 am in Maria Lourdes.
6. **German Syro Malabar Mass in *Maria Lourdes*: 17th March, 7th April, 5th May,16th June, 8th Sept., 20th Oct., 17th , Nov., 15th December ----2019**

*Verleger: Steephen Chevookaran, Media & Communications for the Malayalee Catholic Community, Vienna*